# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.748 20.03.2013 ൽ മറുപടിക്ക്.**

## അനധികൃത അവധിയെടുക്കുന്ന ഡോക്ടർമാർക്കെതിരെ നടപടി.

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി കെ.എസ്.സലീഖ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അനധികൃതമായി ലീവെടുത്ത് സർക്കാർ ഡോക്ടർമാർ സ്വകാര്യ മേഖലയിൽ പ്രാക്ടീസ് ചെയ്യുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇത്തരത്തിൽ എത്ര ഡോക്ടർമാരുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്കെതിരെ എപ്രകാരമുള്ള കർശന നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) ഇപ്രകാരമുള്ള ഡോക്ടർമാരെ പറ്റിയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടാൽ 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) അനധികൃത ലീവ് അനുവദിക്കുകയില്ലെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുപോരുന്നത്; ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) നിലവിൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതായി ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന ഡോക്ടർമാർക്കെതിരെയും ദീർഘകാല അവധി അനുവദിക്കപ്പെട്ട ശേഷം കൃത്യമായി തിരികെ ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർക്കെതിരെയും അച്ചടക്ക നടപടി സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിന് മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| ചോദ്യം | ഉത്തരം |
|---|---|
| (ഡി) പിന്നോക്ക-ഗ്രാമീണ മേഖലകളിലെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷാർത്ഥം ഡോക്ടർമാർക്ക് ഏർപ്പെടുത്തിയിരുന്ന നിർബന്ധിത ഗ്രാമീണ സേവനം ആരോഗ്യവകുപ്പ് പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഒരു തീരുമാനമെടുക്കാൻ ആരോഗ്യവകുപ്പിനെ പ്രേരിപ്പിച്ച കാരണമെന്താണ്; വ്യക്തമാക്കുമോ; | (ഡി) നിർബന്ധിത ഗ്രാമീണ സേവനം ഒഴിവാക്കി വോളന്ററി ഗ്രാമീണ സേവനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളിലുണ്ടായ വർദ്ധനവ് കാരണം വോളന്ററി ആയിത്തന്നെ ഗ്രാമീണ സേവനത്തിന് ആവശ്യത്തിനുള്ള ഡോക്ടർമാരെ ലഭിക്കുന്ന സാഹചര്യത്തിലാണ് നിർബന്ധിത ഗ്രാമീണ സേവനത്തിന് മാറ്റം വരുത്തിയത്. |
| (ഇ) ഒരു എം.ബി.ബി.എസ് വിദ്യാർത്ഥി പഠനം പൂർത്തിയാക്കി ഡോക്ടറാകുന്നതിന് സംസ്ഥാന ഖജനാവിൽ നിന്നും എത്ര തുക ചെലവഴിക്കുന്നു; ഡോക്ടർ ആയി കഴിഞ്ഞ ശേഷം ഇവർ ഗ്രാമീണ സേവനം നടത്താതെയും അയൽ സംസ്ഥാനങ്ങളിലും, വിദേശത്തും ജോലി തേടി പോകുന്ന പ്രവണത വർദ്ധിക്കുന്നതായി മനസിലാക്കിയിട്ടുണ്ടോ;<br><br>(എഫ്) എങ്കിൽ ഇങ്ങിനെയുള്ളവരെ സമൂഹത്തിന്റെ പൊതു ധാരയിൽ കൊണ്ടുവരാൻ ക്രിയാത്മകമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) & (എഫ്) ഒരു എം.ബി.ബി.എസ് വിദ്യാർത്ഥിക്ക് പഠനം പൂർത്തിയാക്കാൻ സർക്കാർ ചെലവഴിക്കുന്ന തുക തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ പഠനത്തിന്റെ ഭാഗമായി നൽകുന്ന ചികിൽസ കൂടി കണക്കിലെടുത്താൽ സ്വകാര്യ മെഡിക്കൽ കോളേജുകളെ അപേക്ഷിച്ച് സർക്കാർ മെഡിക്കൽ കോളേജുകൾ കൂടുതൽ തുക ചെലവഴിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിൽ നിയമനത്തിന് ഒരു വർഷത്തെ ഗ്രാമീണ സേവനം നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളുടെ അഡ്മിഷനും ഗ്രാമീണ സേവനം നിർബന്ധമാണ്. ഗ്രാമീണ സേവനം പ്രോൽസാഹിപ്പിക്കുന്നതിനായാണ് ഇത്തരം വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ